

# സാരംഗ് – ആരോഗ്യജീവിതത്തിന്റെ ഹരിതപാഠങ്ങൾ

**സി. രാജഗോപാൽ**

ഇന്നത്തെ യാഥാസ്ഥിതിക വിദ്യാഭ്യാസരീതിയോടുള്ള ചെടിപ്പുകൊണ്ടാണ് ഗോപാലകൃഷ്ണൻമാഷും വിജയലക്ഷ്മി ടീച്ചറും, ഉപജീവനമാർഗ്ഗമാണെന്നറിഞ്ഞു കൊണ്ടുതന്നെ ആ മാർഗ്ഗം വെടിഞ്ഞ് അതിസാഹസികമായി വെറും കൈയ്യോടെ അട്ടപ്പാടിമലകയറിയത്. ഇന്നത്തെ അധ്യാപകരിൽ ബഹുഭൂരിപക്ഷവും പലകാരണങ്ങൾ കൊണ്ടുള്ള ഈ ചെടിപ്പ് ഉള്ളിൽ കൊണ്ടുനടക്കുന്നവരും അവസരം കിട്ടുന്നിടത്ത് വെച്ച് പ്രകടിപ്പിക്കുന്നവരുണ്ട് എങ്കിലും ചോറല്ല എന്നു കരുതി അമ്പത്തഞ്ചുവയസ്സു വരെ ചെടിച്ചു കൊണ്ടുതന്നെ അത് ഭുജിക്കുകയും ഒടുവിൽ പെൻഷൻപറ്റിക്കൊണ്ട് വീണ്ടും ധർമ്മവ്യസനിയാവുകയും സ്വന്തം മക്കളെ കോഴ കൊടുത്ത് ടി. ടി. സി/ബി.എഡിന് അയച്ച് കോഴ കൊടുത്ത് അധ്യാപകപ്പണി വാങ്ങിക്കൊടുത്ത് ചെടിപ്പിന്റെ തുടർച്ച അടുത്ത തലമുറയിലൂടെ ഉറപ്പുവരുത്തുന്നവരുമാണ്. ഇവർക്കിടക്കാണ് ഒരു ഗോപാലകൃഷ്ണൻമാഷും, ഒരു വിജയലക്ഷ്മി ടീച്ചറും അട്ടപ്പാടിയിലെ മല്ലീശ്വരൻ മുടിപോലെ ഉയർന്നു നില്ക്കുന്നത്.

ഇന്നത്തെ പൊതു വിദ്യാഭ്യാസരംഗം വളരെ സംഘടിതവും സംസ്ഥാപിതവുമായ ഒരു തൊഴിൽ മേഖലയും അധികമധികം ലാഭസാധ്യതയുണ്ടാക്കുന്ന ഒരു കച്ചവടരംഗമാണ്. എന്നതാണ് അത് ഇത്ര ശക്തമായി നിലനിൽക്കുവാനുള്ള മുഖ്യ കാരണം.

പൊതു വിദ്യാഭ്യാസ എന്ന പൊള്ളയായ കുഴലിലൂടെ തള്ളിവിട്ട് ജീവിതത്തിന്റെ തുടിപ്പാർന്ന പകൽവെട്ടം ബാല്യകൗമാരങ്ങൾക്ക് നിഷേധിക്കുന്ന ഒരു അഭ്യാസം നമ്മുടെ സാസ്ക്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും ഏറ്റവും വലിയ അന്ധവിശ്വാസമാണ്. ഈ അന്ധവിശ്വാസത്തെ സ്വന്തം ജീവിതം കൊണ്ട് തള്ളിപറയുന്നവർ വേണ്ട ധൈര്യം രണ്ടു പേർ കാണിച്ചതിന്റെ ഫലമാണ് അക്ഷാർത്ഥത്തിൽ തന്നെ മരുഭൂമിക്കിടക്ക് മരുപ്പച്ചയായി തളിർത്തു നില്ക്കുന്ന സാരംഗ്.

സൈലന്റ് വാലി എന്ന കന്യാവനത്തിൽ നിന്ന് വിളിപ്പാടകലമേയുള്ളു അട്ടപ്പാടി എന്ന മനുഷ്യനിർമ്മിത മരുഭൂമിയിലേക്ക്, വെറും ഒരു മഴുപ്പാടുദൂരം. ഇന്നത്തെ വിദ്യാഭ്യാസരീതിയും അതിന്റെ ഫലമായ പരിഷ്കാരവും വികസനവും സൈലന്റ് വാലികളെ അട്ടപ്പാടികളാക്കി മാറ്റാൻ ധാരാളം മതി എന്നതിന് ഉദാഹരണങ്ങൾ വേണ്ടത്ര. അങ്ങിനെയുള്ളിടത്ത് അട്ടപ്പാടിയെ സൈലന്റവാലിയാക്കുവാൻ - മരുഭൂമിയെ മരുപ്പച്ചയാക്കുവാൻ കഴിയുമോ എന്ന് സർഗ്ഗാത്മകപരീക്ഷണത്തിന്റെ യാഗഭൂമിയാണ് സാരംഗ് എന്നു പറയാൻ തോന്നുന്നു.

ദശകങ്ങൾക്കുമുമ്പ് അട്ടപ്പാടിയിലെ ചിറ്റൂരിൽ തിരുവാണിപ്പുഴയുടെതീരത്ത് ആയിരം അടികുത്തനെയുള്ള തണലും, വെള്ളവും നഷ്ടമായ മൊട്ടക്കുന്നിന്റെ നെറുകിലേക്ക് കയറുമ്പോൾ ഗോപാലകൃഷ്ണമാഷിന്റെയും വിജയലക്ഷ്മി ടീച്ചറുടെയും കൂടെ സർക്കാരോ പദ്ധതികളോ ഒന്നുമില്ലായിരുന്നു. കൂട്ടിന് ഏതാനും നല്ല ചില സുഹൃത്തുകളുടെ ഭാവുകങ്ങളും സഹായവും മാത്രം. വെള്ളമോ ഭക്ഷണമോ ഇല്ലാതെ ആദിവാസികൾ പോലും കുടിയൊഴിഞ്ഞ് മലയിറങ്ങുന്ന കാലമായിരുന്നു. വേനലിൽ തീക്കാറ്റ്, കാട്ടുതീ, കുടി

---

ചൂഷണങ്ങൾക്ക് പലപ്പോഴും പാവപ്പെട്ട ജനങ്ങൾ ഇരയാകേണ്ടിവരുന്നത് ആരോഗ്യത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾകൊണ്ടും രോഗചികിത്സയെ കുറിച്ചുള്ള അറിവില്ലായ്മകൊണ്ടുമാണെന്ന് അനുഭവത്തിൽ നിന്ന് തിരിച്ചറിഞ്ഞ പ്രസിദ്ധനായ ഒരു ഡോക്ടർ നല്കുന്ന വിവരങ്ങളും വിവരണങ്ങളുമാണിത്. ആധുനിക വൈദ്യചികിത്സയുടെ പല മുഖങ്ങളും വരച്ചിടുന്ന ആരോഗ്യത്തിനായുള്ള ഒരു കൈവഴി പുസ്തകം എന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെട്ട Trick or Treat (തന്ത്രമോ ചികിത്സയോ) ആരോഗ്യ രംഗവുമായി നമ്മുടെ കാലത്ത് ബന്ധപ്പെടുന്ന ഏവർക്കും ഒരു ഗൈഡ് എന്ന നിലയിൽ പ്രയോജനപ്പെടുത്താം. EQUIP (Education for quality up date of Indian Physicians) എന്ന സംഘടനക്കുവേണ്ടി പ്രൊഫസർ കെ. ആർ. സേതുരാമൻ രചിച്ച ഈ പുസ്തകം ആധുനിക വൈദ്യചികിത്സയുടെ കാണാമുഖങ്ങൾ ആവിഷ്കരിക്കുന്നതോടൊപ്പം ഏറ്റവും ലളിതമായ നാടോടികഥകളിലൂടെയും യാഥാർത്ഥ്യങ്ങളിലൂടെയും വിവരണങ്ങളിലൂടെയും രോഗികൾക്കും, ഡോക്ടർമാർക്കും ആരോഗ്യരംഗത്തെ ആക്ടിവിസ്റ്റുകൾക്ക് അതിജീവനമാർഗങ്ങൾ കാണിച്ചുതരുന്നു. ആരോഗ്യ പരിപാലരംഗത്തെ അതിജീവനത്തിന് എന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ഈ പുസ്തകം സാർപ്പിച്ചിട്ടുള്ളത് ഡോക്ടേഴ്സ് ഡിലെമ എന്ന പ്രശസ്ത ഗ്രന്ഥം രചിച്ച ജോർജ്ജ് ബെർണാഡ്ഷായും, വൈദ്യചികിത്സാ രംഗത്ത്എല്ലാ പ്രതിസന്ധികളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് രോഗികൾക്ക് ധാർമികവും യുക്തവുമായ ചികിത്സക്കായി ജീവതം സമർപ്പിച്ച വൈദ്യന്മാർക്കുമാകുന്നു ഈ പുസ്തകം നമുക്ക് അനിവാര്യമായ അറിവുകൾ തരുന്നു.

പി.സുന്ദരരാജൻ, പാമ്പലത്ത്, മലപ്പുറം

വെള്ളം ആയിരം അടിതാഴെ തിരുവാണിയിൽ നിന്ന്. സാരംഗിലെ ആദ്യകാലം ഹിമാലയാരോഹണം പോലെയായിരുന്നു. വർഷങ്ങൾ പിന്നിട്ടപ്പോൾ സാരംഗ് പച്ചയ്ക്കാൻ തുടങ്ങി മരങ്ങൾ നട്ടുനനച്ചു കാട്ടുതീ തടഞ്ഞു. മേച്ചിൽ നിയന്ത്രിച്ചു. വരമ്പിട്ടും ചാലുകീറിയും മഴയൊഴുക്കു നിയന്ത്രിച്ചു മേൽമണ്ണിന് പുതയിട്ടു. ആദ്യമാദ്യം സംശയിച്ച് മാറിനിന്ന ആദിവാസികൾ പിന്നീട് ഒപ്പം ചേർന്നു. സ്കൂളിൽ പഠിക്കാത്ത അവരുടെ കുട്ടികൾക്ക് സാരംഗ് ജീവിതത്തിന്റെ അക്ഷരമാലായായി. മൊട്ടക്കുന്നിലെ പുതിയ തളിരുകൾ ജീവിതത്തിന്റെ പ്രത്യാശയായി. മരിച്ചു കിടന്ന ഭൂമി ഉയർത്തെഴുന്നേല്ക്കുകയായിരുന്നു. എന്നോവറ്റിപ്പോയ അരുവികൾ പുനർജനിച്ചു. തരിശുനിലത്ത് മണ്ണുണ്ടായി. മണ്ണിൽ കൃഷിയുണ്ടായി, സാരംഗിൽ ജീവിതം വിളഞ്ഞു. ജീവിതം വിളയിക്കുന്നതിന്റെ അനുഭവപാഠങ്ങൾ സാരംഗിലെ വിദ്യാഭ്യാസപാഠങ്ങളായി.

ഈ പാഠങ്ങളുടെ ആൾരൂപമായി ഇന്ന് പുറം ലോകത്തെ സ്വീകരിക്കാനായി ഒരു ചെറുബാല്യക്കാരനുണ്ടിവിടെ ഗൗതംസാരംഗ്. ആ ചെറുപ്പക്കാരന്റെ സ്നേഹം തെളിഞ്ഞ ജീവിതം വീക്ഷണം. സ്ഥിരോത്സാഹം, സുതാര്യവും സുവ്യക്തവുമായ ആശയവിനിയമയം എല്ലാതന്നെ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ച്, അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് അതിന്റെ ഭീകരമായ അനാരോഗ്യത്തെക്കുറിച്ച്. മഴയും വെയിലും മണ്ണും മരവും മനുഷ്യനും പക്ഷിമൃഗാദികളുമാണ് സാരംഗിലെ വിദ്യാഭ്യാസത്തിന്റെ അക്ഷരമാല. ഇതെല്ലാം കൂട്ടിവായിച്ച് സംഗീതംപോലെ മധുരമായ ജീവിതം ആരംഭിക്കലാണ് സാരംഗിലെ വിദ്യാഭ്യാസം.

'സാരംഗ്', അട്ടപ്പാടി, ചിറ്റൂർ ഡാം പി.ഒ.,
അഗളി വഴി, പാലക്കാട്

കെ.എസ്. പാൽ
ഗുണത്തിലും ശുദ്ധിയിലും മികച്ചത്
KSE
LIMITED
Post Box No: 20
Irinjalakuda, Kerala-680 121
Ph: 2825476, 2825576, 2826676
Fax: 0480-2825244. Res: 2826871

ആശംസകളോടെ...
നന്ദവനം
ആയുർവ്വേദിക് ഹോസ്പിറ്റൽ
സമ്പൂർണ്ണ ആരോഗ്യം
ആയുർവ്വേദത്തിലൂടെ
പാലാട്ട് റോഡ്, ഒറ്റപ്പാലം.
ഫോൺ: 04926-249091, 245758

